# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ഒന്നാം സെമസ്റ്റർ പരീക്ഷ

07.10.2018 — മാർക്ക് - 50

10.30AM-12.30PM — **STD - VII** — സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** 1x 5=5

1. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് തന്റെ സമ്പൂർണ സമർപ്പണത്തിലൂടെ മനുഷ്യൻ നല്കുന്ന പ്രത്യുത്തരം

   1. സ്നേഹം 2. ശരണം 3. വിശ്വാസം

2. ഈശോ ദൈവത്തെ അഭിസംബോധന ചെയ്യാൻ ഉപയോഗിച്ച പദം

   1. സർവ്വശക്തൻ 2. കർത്താവ് 3. ആബ്ബാ

3. മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ നമുക്കു ചുമതലയുണ്ട് എന്ന് പഠിപ്പിക്കുന്നത് ഏതുകല്പനയാണ്?

   1. കൊല്ലരുത് 2. മോഷ്ടിക്കരുത് 3. അന്യന്റെ വസ്തുക്കൾ ആഗ്രഹിക്കരുത്

4. പരിശുദ്ധാരൂപിയുടെ ദാനം തെരഞ്ഞെടുത്തെഴുതുക

   1. ഭക്തി 2. ക്ഷമ 3. നന്മ

5. ക്രൈസ്തവലോകത്തെ ഏറ്റവും വലുതും പ്രധാനപ്പെട്ടതും ഏറ്റവും അധികം സന്ദർശിക്കപ്പെടുന്നതുമായ ദേവാലയം

   1. വേളാങ്കണ്ണി ബസിലിക്ക 2. സെന്റ് പീറ്റേഴ്സ് ബസിലിക്ക 3. ലാറ്ററൻ ബസിലിക്ക

**B. പൂരിപ്പിക്കുക** 1x 5=5

6. തങ്ങളുടെ ജീവിതാവസ്ഥക്ക് യോജിച്ച ———— ക്രൈസ്തവർ കടപ്പെട്ടവരാണ്

7. തിരുവിതാംകൂർ മാർത്താണ്ഡവർമ്മ മഹാരാജാവ് ————— ന് 'വലിയച്ചൻ' എന്ന സ്ഥാനപേരു നൽകി.

8. സാബത്തിൽ ——— നൽകികൊണ്ട് ————— ചെയ്യുന്നത് സാബത്തിനു ചേർന്നതാണെന്ന് അവിടുന്ന് തെളിയിച്ചു.

9. ദൈവത്തിന്റെ ഛായയിൽ സൃഷ്ടക്കപ്പെട്ടിരിക്കുന്ന സഹോദരങ്ങളെ ——— ദൈവത്തോടുള്ള അവഹേളനമാണ്.

10. ദൈവനാമം എന്നത് ദൈവത്തിന്റെ —————തന്നെയാണ്.

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക 2X6=12

11. മലയിലെ പ്രസംഗത്തിൽ ഈശോ ദൈവപ്രമാണങ്ങളെ വിശദീകരിക്കുന്നത് എങ്ങനെ?
12. 'അവൻ ചുങ്കക്കാരുടെയും പാപികളുടെയും കൂടെ ഭക്ഷിക്കുന്നത് എന്ത്' എന്ന നിയമജ്ഞരുടെ ചോദ്യത്തിന് യേശു നല്കിയ മറുപടി എന്തായിരുന്നു?
13. വിശുദ്ധരോടുള്ള വണക്കം വിഗ്രഹാരാധനയാകുന്നില്ല. കാരണം എന്ത്?
14. സുവിശേഷ ഭാഗ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക?
15. കുമ്പസാരത്തെക്കുറിച്ചുള്ള വി.അന്തോണീസിന്റെ കാഴ്ച്ചപ്പാട് എന്താണ്?
16. പൊതുസ്വത്തും സ്വകാര്യസ്വത്തും തമ്മിലുള്ള വ്യത്യാസം എന്ത്?

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക. 4X2=8

17. പുതിയ നിയമ ജനമായ നാം കർത്താവിന്റെ ദിനമായ ഞായറാഴ്ച്ച ആചരിക്കേണ്ടത് പ്രധാനമായും മൂന്നു വിധത്തിലാണ്. അവ ഏതെന്നും എങ്ങനെ ആചരിക്കണമെന്നും വിശദീകരിക്കുക.
18. നാലാം പ്രമാണത്തെക്കുറിച്ച് പഴയനിയമത്തിലെയും പുതിയനിയമത്തിലെയും കാഴ്ചപ്പാടുകൾ വ്യക്തമാക്കുക.
19. നിയമത്തിൽ അന്തർലീനമായ സ്നേഹവും നീതിയും പുലർത്തി അനുദിന ജീവിതത്തിൽ നമുക്ക് എങ്ങനെ പ്രമാണങ്ങൾ പാലിക്കാനാകും?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

20. കാലവർഷക്കെടുതിയും അതുമൂലമുണ്ടായ ഭവനനഷ്ടം, ദാരിദ്ര്യം, രോഗം എന്നിവക്കൊണ്ട് ദുരിതമനുഭവിക്കുന്ന സഹോദരങ്ങളെ സ്നേഹവും, സാന്നിധ്യവും, സഹായവും നൽകി എങ്ങനെയൊക്കെ സമാശ്വസിപ്പിക്കാനും യേശുവിന്റെ സമാധാനം പകരാനും നിങ്ങൾക്കാകും?

21. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം* 32-33 15

# ഉത്തര സൂചിക ഏഴാം ക്ലാസ്  ഒന്നാം സെമസ്റ്റർ

1. വിശ്വാസം L2, Page-16, 5th Paragraph
2. ആബ്ബാ L3, Page-21, 1st Paragraph
3. മോഷ്ടിക്കരുത് L8,Page-48,1st Paragraph
4. ഭക്തി, Namaskarangal No:26
5. സെന്റ് പീറ്റേഴ്സ് ബസിലിക്ക Sathyadheepam 2018 July 4 Page-
6. നിർമല ജീവിതം നയിക്കാൻ L7,PAGE-42,Last Paragraph
7. വി. ഫ്രാൻസിസ് സേവ്യറിന് Upappadam Page-11,2nd Paragraph
8. രോഗശാന്തി, നന്മ L4,Page-26,4th Paragraph
9. ശപിക്കുന്നത് L3, Page-22,1st Paragrap
10. സാന്നിധ്യം L3, Page-20,3rd Paragraph
11. നിയമത്തിൽ അന്തർലീനമായ സ്നേഹവും നീതിയും പാലിക്കാൻ അവിടുന്ന് നിഷ്കർഷിച്ചു. സ്നേഹം കൊണ്ട് ദൈവപ്രമാണങ്ങളെ പൂർത്തീകരിക്കുകയാണ് ഈശോ ചെയ്യുന്നത്. തിന്മയെ നന്മകൊണ്ട് ജയിക്കാനുള്ള ആഹ്വാനം നൽകുന്നു (Lesson 1, 11-12)
12. ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം. നീതിമാന്മാരെയല്ല പാപികളെ വിളിക്കാനാണ് ഞാൻ വന്നത് (മാർക്കോസ് 2 :17 )
13. വിശുദ്ധരുടെ തിരുസ്വരൂപങ്ങൾ സ്ഥാപിക്കുന്നത് അവരെ ആരാധിക്കുന്നതിനല്ല വണങ്ങുന്നതിനും ബഹുമാനിക്കുന്നതിനുമാണ്. വിശുദ്ധരുടെ ജീവിതത്തെക്കുറിച്ചുള്ള ഓർമ്മ ഉണർത്തുന്നതിനും അവരുടെ മാതൃക അനുകരിക്കുന്നതിനും മാധ്യസ്ഥ്യം യാചിക്കുന്നതിനും അത് നമ്മെ സഹായിക്കും ദൈവഹിതപ്രകാരം ജീവിച്ചു സ്വർഗം നേടിയതിനാൽ നമുക്കുവേണ്ടി ദൈവത്തോട് അപേക്ഷിക്കാൻ അവർക്കു കഴിയും
14. നമസ്കാരങ്ങൾ No. 20
15. കുമ്പസാരം പറുദീസായുടെ വാതിൽ ആണെന്ന് അദ്ദേഹം പറഞ്ഞിരുന്നു. പാപത്തിൻറെ വിഷം കുടിച്ചു കഴിഞ്ഞാൽ അതിനുള്ള ഏക പ്രതിവിധി ആത്മാർത്ഥതയും അനുതാപപൂർണവുമായ കുമ്പസാരമാണ് (Upapadam, Page 19)
16. സമൂഹത്തിനു പൊതുവായുള്ളതും എല്ലാവർക്കും അവകാശമുള്ളതുമാണ് പൊതുസ്വത്ത്. വ്യക്തികൾക്ക് സ്വന്തമാക്കാൻ സാധിക്കുന്നതും അവർക്കു ഉപയോഗിക്കാൻ അവകാശമുള്ളതുമായ സ്വത്താണ് സ്വകാര്യസ്വത്ത് (Lesson 8, Page 46)
17. ആരാധന ദിനം, വിശ്രമദിനം, കാരുണ്യദിനം. (വിശദീകരണം പുസ്തകം കാണുക Lesson 4, Page 28)
18. മാതാപിതാക്കളെ ബഹുമാനിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചു പഴയനിയമത്തിൽ വിവരിക്കുന്നു. നാലാം പ്രമാണം ലംഘിച്ചാൽ സംഭവിക്കാവുന്ന ആപത്തുകളെക്കുറിച്ചുള്ള മുന്നറിയിപ്പുകളും ഉണ്ട്. ഈ പ്രമാണം ശരിയായി പാലിക്കുന്നവന് ദീർഘായുസ്സ് ലഭിക്കുമെന്ന് കർത്താവ് വാഗ്ദാനം ചെയ്തിട്ടുമുണ്ട്. നാലാം പ്രമാണത്തിൻറെ അനുസരണം നല്ല കുടുംബങ്ങളെ സൃഷ്ടിക്കും. അതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളും മാതൃകകളും പുതിയ നിയമത്തിൽ കാണാം. സ്വർഗ്ഗസ്ഥനായ പിതാവിൻറെ പ്രതിനിധികളാണ് മാതാപിതാക്കൾ. അവരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്താൽ ദൈവത്തെത്തന്നെയാണ് ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നത് . (വിശദീകരണം പുസ്തകം കാണുക, Lesson 5, Pages 31-32)
19. പ്രമാണങ്ങൾ അനുദിന ജീവിതത്തിൽ (വിശദീകരണം പുസ്തകം കാണുക - Lesson 1, Page 12)

# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ഒന്നാം സെമസ്റ്റർ പരീക്ഷ

05.11.2017 — മാർക്ക് - 50

10.30 am - 12.30 pm — **STD - VII** — സമയം - 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1x 5=5**

1. ദൈവപ്രമാണങ്ങളുടെ അടിസ്ഥാനം.
   1. ശിക്ഷ 2. സ്നേഹം 3. നീതി
2. മാമ്മോദീസാപ്പേര് നൽകുന്നത് ആരുടെ നാമത്തിലാണ് ?
   1. വിശുദ്ധർ 2. യേശു 3. പരിശുദ്ധത്രിത്വം
3. അയർലണ്ടിൽ വച്ച് 2018 ൽ സഭയുടെ നേതൃത്വത്തിൽ നടക്കുന്ന സമ്മേളനം.
   1. ലോക കുടുംബ സമ്മേളനം 2. ലോക യുവജനസമ്മേളനം
   3. ലോക പരിസ്ഥിതി സമ്മേളനം
4. 'പിതാവിനെ പരിത്യജിക്കുന്നത് ദൈവദൂഷണത്തിന് തുല്യമാണ്; മാതാവിനെ പ്രകോപിപ്പിക്കുന്നവൻ കർത്താവിന്റെ ശാപമേൽക്കും'.
   1. നിയമാവർത്തനം 5:16, 2. പ്രഭാഷകൻ 3:16 3. സുഭാഷിതങ്ങൾ 30:17
5. 'ഓരോരുത്തർക്കും അവകാശപ്പെട്ടത് നല്കാൻ ഒരുവനെ പ്രേരിപ്പിക്കുന്ന പുണ്യമാണ്.
   1. വിവേകം 2. ദൈവഭയം 3. നീതി

**B. പൂരിപ്പിക്കുക** **1x 5=5**

6. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ഞായറാഴ്ച ആചരണത്തെക്കുറിച്ച് എഴുതിയ അപ്പസ്തോലിക ലേഖനമാണ് ——————.
7. ————സ്തുതിക്കുമ്പോൾ ദൈവത്തെത്തന്നെയാണ് സ്തുതിക്കുന്നത് എന്ന് ———പഠിപ്പിക്കുന്നു.
8. പരിസ്ഥിതി മലിനീകരണവും പ്രകൃതിയെ ചൂഷണം ചെയ്യലും ————എതിരെയുള്ള തിന്മകളാണ്.
9. ഈശോയെ സ്വീകരിക്കുകയും ഈശോയിൽ ജീവിക്കുകയും ചെയ്യുന്നവർ സ്വജീവിതത്തിൽ ———പ്രകടമാക്കാൻ ബാധ്യസ്ഥരാണ്.
10. പ്രാവുകളെ വിൽക്കുന്നവരോട് അവൻ കല്പിച്ചു: ഇവയെ ഇവിടെ നിന്ന് എടുത്ത് കൊണ്ടുപോകുവിൻ. എന്റെ ———— (യോഹ. 2: 16)

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **6x 2=12**

11. മാതാപിതാക്കളെ ബഹുമാനിക്കണം എന്ന പ്രമാണത്തിന്റെ വെളിച്ചത്തിൽ മക്കൾക്ക് മാതാപിതാക്കളോടുള്ള കടമകളെക്കുറിച്ച് എഴുതുക
12. പാദുവാ നഗരത്തെ ക്രിസ്തുവിനായി വി. അന്തോനീസ് നേടിയതെങ്ങനെ?
13. സത്യത്തിനു വിരുദ്ധമായ നുണ, കോപ്പിയടിക്കൽ എന്നീ തിന്മകളെക്കുറിച്ച് വിശദീകരിക്കുക.
14. പ്രമാണങ്ങളുടെ ആന്തരികാർത്ഥം അറിഞ്ഞാവണം അവയെ വ്യാഖ്യാനിക്കേണ്ടത്. ഉദാഹരണസഹിതം വ്യക്തമാക്കുക.
15. ഒന്നാം പ്രമാണത്തിനെതിരായ വിഗ്രഹാരാധന, അന്ധവിശ്വാസം എന്നിവയെക്കുറിച്ച് എഴുതുക.
16. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും പരിശുദ്ധാരൂപിയുടെ ഫലങ്ങൾ മാത്രം എടുത്തെഴുതുക.

    1. വിശ്വാസം 2.സ്നേഹം 3. ദൈവഭയം 4. അറിവ് 5. നന്മ 6. സഹനശക്തി 7. ഭക്തി 8. ദയ 9. ക്ഷമ 10. ശരണം 11. സമാധാനം

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക.** **4x 2=8**

17. ഞായറാഴ്ച കർത്താവിന്റെ ദിനമായി ആചരിക്കണമെന്ന് പറയുന്നതിന്റെ കാരണങ്ങൾ എഴുതുക.
18. ലൈംഗിക വിശുദ്ധി എന്നാൽ എന്ത്? അത് പാലിക്കാൻ സഹായകരമായ കാര്യങ്ങൾ എഴുതുക.
19. ജീവന്റെ സംരക്ഷണം ആവശ്യപ്പെടുന്ന കടമകൾ ഏതെല്ലാമെന്ന് വിശദീകരിക്കുക.

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **1x 5=5**

20. ഈശോയുടെ പ്രബോധനങ്ങളെക്കുറിച്ച് പഠിക്കുന്ന കുട്ടികൾ എന്ന നിലയിൽ സമൂഹത്തിൽ കാണുന്ന അക്രമം, അസത്യം, അസന്മാർഗ്ഗികത എന്നിവയെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു. നിങ്ങളുടെ ഭാഗത്തു നിന്നു നിങ്ങൾ എന്തു നടപടികൾ ഈ തിന്മകൾക്കെതിരെ സ്വീകരിക്കാൻ ആഗ്രഹിക്കുന്നു.

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 27 – 28 | 15 |

# ഏഴാം ക്ലാസ്സ് - ഉത്തരങ്ങൾ

## ഒന്നാം സെമസ്റ്റർ പരീക്ഷ - നവംബർ 05, 2017

**A.ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **(1x5)**

1. 1/10 (4th Para) സ്നേഹം
2. 3/23 (1st Para) പരിശുദ്ധ ത്രിത്വം
3. Sathyadeepam 2017 Sept.7-13. ലോകകുടുംബ സമ്മേളനം
4. 5/32 (1ST Para) പ്രഭാഷകൻ 3:16
5. 8/46 (2nd Para) നീതി

**B. പൂരിപ്പിക്കുക.** **(1x5)**

6. 4/27 (2nd Para) കർത്താവിന്റെ ദിനം
7. 3/21(3rd Para) ദൈവനാമത്തെ, വിശുദ്ധ ഗ്രന്ഥം
8. 6/39 (3rd Para) ജീവനെതിരെയുള്ള
9. 9/50 (3rd Para) സത്യസന്ധത
10. യോഹ 2:16 എന്റെ പിതാവിന്റെ ആലയം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **(2x6)**

11. 5/32-33 (last Para) ദൈവപുത്രനായ ഈശോ മാതാപിതാക്കൾക്ക് വിധേയപ്പെട്ടു ജീവിച്ചു. മാതാപിതാക്കളെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുമ്പോൾ ദൈവത്തെ തന്നെയാണ് ബഹുമാനിക്കുകയും സന്ഹേക്കുകയും ചെയ്യുന്നത്. ബഹുമാനിക്കേണ്ടത് അവരെ അനുസരിച്ചുകൊണ്ടാണ്. തങ്ങളുടെ ജീവന്റെയും ജീവിതത്തിന്റെയും പിന്നിലുള്ള പ്രധാന ശക്തി മാതാപിതാക്കളുടെ ത്യാഗവും സമർപ്പണവുമാണ്. അതിനാൽ സ്നേഹിക്കണം. നന്ദിയുള്ളവരായിരിക്കണം. രോഗത്തിലും വാർദ്ധക്യത്തിലും അവരെ ശുശ്രൂഷിക്കണം. സ്നേഹപൂർണ്ണമായ പരിചരണവും സംഭാഷണവും കൊണ്ട് അവരെ ആശ്വസിപ്പിക്കണം.
12. Saints St. Antony 19-20 പാവങ്ങളുടെ പടയാളി എന്ന നിലയിൽ പാദുവായിൽ സേവനം ചെയ്തു. ദരിദ്രരെ ചൂഷണം ചെയ്തവരെ കുറ്റപ്പെടുത്തുകയും സാമ്പത്തികമായി അനീതി നടത്തുന്നവരെ വിമർശിക്കുകയും ചെയ്തു. ധർമ്മദാനത്തിന് ആഹ്വാനം ചെയ്തു. കുമ്പസാരം പറുദീസായുടെ വാതിലാണെന്ന് അദ്ദേഹം പറഞ്ഞിരുന്നു. നഗരത്തിലെ ദേവലായങ്ങളിൽ മാറി മാറി സുവിശേഷ പ്രഘോഷണം നടത്തി. നോമ്പുകാലം പാദുവ നഗരത്തിന് ആത്മീയ ഉണർവ്വിന്റെ നാളുകളായിരുന്നു.
13. 9/ 51&52 (Last & 3rd Para) സ്വന്തം ബോധ്യത്തിനും അറിവിനും എതിരായി സംസാരിക്കുന്നതാണ് നുണ. കേൾവിക്കാരൻ വഞ്ചിക്കപ്പെടുന്നു. സത്യം മറച്ചുവച്ച് സംസാരിക്കുന്നു. സത്യസന്ധതക്ക് വിരുദ്ധമായ തിന്മയാണ് കോപ്പിയടി. അദ്ധ്യാപകനെ തെറ്റിദ്ധരിപ്പിക്കുന്നു. അർഹതയില്ലാത്തത് കരസ്ഥമാക്കുന്നു.
14. 1/11(3rd Para) പ്രമാണങ്ങളിൽ പലതും "അരുത്" എന്നവസാനിക്കുന്നതിനാൽ അവ നിഷേധാത്മകമായി തോന്നാം. തിന്മ ചെയ്യുന്നതിൽ നിന്ന് തടയുന്നു. നന്മ ചെയ്യാനുള്ള ശക്തമായ പ്രേരണ തരുന്നു. ഉദാഹരണം - "കൊല്ലരുത്" എന്ന അഞ്ചാം പ്രമാണം ജീവനെ ആദരിക്കണമെന്നും സംരക്ഷിക്കണമെന്നും പഠിപ്പിക്കുന്നു. ജീവന്റെ മഹത്വം നിലനിർത്താൻ പരിശ്രമിക്കണം.

15.2/15 സൃഷ്ടാവായ ദൈവത്തിനു പകരം ദൈവം സൃഷ്ടിച്ച വസ്തുക്കളെയൊ വ്യക്തികളെയൊ ദൈവമായി കരുതി ആരാധിക്കുന്നതാണ് വിഗ്രഹാരാധന. ദൈവത്തിനു നൽകേണ്ട സ്ഥാനം മറ്റെന്തിനു നൽകിയാലും അത് വിഗ്രഹാരാധന. ഉദാ. പണം, സ്ഥാനമാനം, താരാരാധന. സത്യവിശ്വാസത്തിനു ചേരാത്തതും അടിസ്ഥാന രഹിതവുമായ കാര്യങ്ങളിലുള്ള വിശ്വാസമാണ് അന്ധവിശ്വാസം. ദൈവവിശ്വാസത്തിന് നിരക്കാത്ത വിധത്തിൽ ജീവിതത്തെ ക്രമീകരിക്കുക. ഉദാ. മഷിനോട്ടം, പ്രശ്നം വയ്ക്കൽ, ശകുനം നോക്കൽ, ജാതകം നോക്കൽ

16.Namaskarangal page 16; no. 27 – സ്നേഹം, നന്മ, സഹനശക്തി, ദയ, ക്ഷമ, സമാധാനം.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. മിനിമം അരപേജ് ഉണ്ടായിരിക്കണം. വിശദീകരണത്തേക്കാളുപരി. പ്രധാനപ്പെട്ട ആശയങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുക. (4x2)**

17.4/26-27 രക്ഷാകര ചരിത്രത്തിലെ നിർണായ സംഭവമായ ഈശോയുടെ ഉത്ഥാനം നടന്നത് ഒരു ഞായറാഴ്ചയായിരുന്നു. പാപത്തിന്റെയും മരണത്തിന്റെയും മേൽ വിജയം നേടി കൊണ്ട് ഈശോ ഉയിർത്തെഴുന്നേറ്റത് ഞായറാഴ്ച ആയതിനാൽ ക്രിസ്ത്യാനികൾ പുണ്യ ദിനമായി ആചരിക്കുന്നു. ഉത്ഥാന ശേഷമുള്ള ഈശോയുടെ പ്രത്യക്ഷപ്പെടലുകൾ പലതും നടന്നത് ഞായറാഴ്ചയായിരുന്നു. പരിശുദ്ധാത്മാവ് എഴുന്നള്ളിവന്ന ദിനവും സഭ സ്ഥാപിതമായതും ഞായറാഴ്ചയാണ്. ആഴ്ചതോറുമുള്ള ഈസ്റ്റർ ദിനമാണ് ഞായറാഴ്ച. ഞായറാഴ്ച സഭയുടെ ദിനമാണ്. വിശ്വാസം പ്രഘോഷിക്കാനും ആഘോഷിക്കാനുമായി നീക്കി വച്ചിരിക്കുന്ന ദിവസമാണ് ഞായറാഴ്ച. ക്രൈസ്തവ ജീവിതത്തിന്റെ അവശ്യഘടകമായി ഞായറാഴ്ചയിലെ വി. കുർബാനയെ കണ്ട് പങ്കെടുക്കണം.

18.7/42-43 ദൈവം നൽകിയിരിക്കുന്ന ലൈംഗിക കഴിവുകളെ അവിടുന്ന ആഗ്രഹിക്കുന്ന രീതിയിൽ പക്വമായി ഉപയോഗിക്കുന്നതാണ് ലൈംഗീക വിശുദ്ധി. പാപ സാഹചര്യങ്ങളെ നാം ബോധപൂർവ്വം ഒഴിവാക്കണം. അശ്ലീല സംസാരവും പ്രവർത്തനങ്ങളുമുള്ള സുഹൃത്തുക്കൾ, അശ്ലീല പ്രസിദ്ധീകരണങ്ങൾ, ചിത്രങ്ങൾ ഒഴിവാക്കുക. അശ്ലീല ടി.വി. ചാനലുകൾ, സിനിമകൾ, വെബ് സൈറ്റുകൾ മുതലായവ കാണാതിരിക്കുക. സംസാരം, വസ്ത്രധാരണം വിനോദങ്ങൾ എന്നിവയിൽ അടക്കം പാലിക്കുക. പ്രാർത്ഥന, കൂദാശ സ്വീകരണം, വി. ഗ്രന്ഥവായന, വിശദ്ധരുടെ ജീവചരിത്രങ്ങൾ തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കുക. പരിശുദ്ധ അമ്മയോടുള്ള മാദ്ധ്യസ്ഥ്യം, പക്വതയുള്ള വ്യക്തികളുടെ ഉപദേശം തേടുക.

19.6/38-39 1. ആരോഗ്യ സംരക്ഷണം - മനുഷ്യന്റെ കടമയാണ് ആവശ്യമായ വൈദ്യസഹായം, അനുയോജ്യമായ ആഹാരം, ശുചിത്വമുള്ള അന്തരീക്ഷം ലഭ്യമാകണം, ഭക്ഷ്യോൽപന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിൽ വിഷവസ്തുക്കൾ ഉപയോഗിക്കരുത്, ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കരുത്. 2. സമാധാന സംരക്ഷണം. സമാധാനം നിലനിർത്തുന്നതിന്റെ പരിശ്രമങ്ങൾ ജീവനെ ആദരിക്കുന്നതിന്റെ ഭാഗമാണ്. സമാധാന പൂർണ്ണമായി ജീവിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുക. 3. പ്രകൃതി സംരക്ഷണം. പ്രകൃതിയുടെ നിലനില്പ് ഉറപ്പു വരുത്തണം. പ്രകൃതിയെ ശരിയായി ഉപയോഗിക്കുക. സംരക്ഷിക്കുക. പരിസ്ഥിതി മലിനീകരണവും പ്രകൃതിയെ ചൂഷണം ചെയ്യലും ജീവനെതിരെയുള്ള തിന്മകളാണ്.

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക (5x1)**

20. കുട്ടികളുടെ ഉത്തരത്തിൽ ക്രിസ്തീയമായ നിലപാടുകൾ ഉണ്ടോ എന്ന് പരിശോധിക്കണം. വളരെ മതേതരമായ ഉത്തരമല്ല നാം അന്വേഷിക്കേണ്ടത്. വിശ്വാസ പരിശീലനത്തിന്റെ വെളിച്ചത്തിൽ സമൂഹത്തിൽ കാണുന്ന പ്രശ്നങ്ങളോടുള്ള കുട്ടികളുടെ പ്രതികരണത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടത്.

21 ഇന്റേണൽ അസ്സസ്സ്മെന്റ് (10 +5= 15)

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**6 - 11 - 2016** — **മാർക്ക് – 50**

**10.30 am - 12.30 pm** — **സമയം – 2 മണിക്കൂർ**

# STD - VII

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x5=5**

1. ക്രിസ്ത്യാനിയുടെ മുഖമുദ്ര?
2. 'ഒരു മനുഷ്യൻ ലോകം മുഴുവൻ കീഴടക്കിയാലും അവന്റെ ആത്മാവു നഷ്ടപ്പെട്ടാൽ എന്തു പ്രയോജനം' ഈ ചോദ്യം അവന്റെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു. ആരുടെ മനസ്സിൽ?
3. വി. ലൂക്കായുടെ സുവിശേഷത്തിൽ ധനവാനേയും ലാസറിനേയും അവതരിപ്പിക്കുന്നിടത്ത് ലാസറിനെ 'ദരിദ്രൻ' എന്ന് എത്ര പ്രാവശ്യം വിശേഷിപ്പിച്ചിരിക്കുന്നു?
4. പിതാവിനെ സംബോധന ചെയ്യാൻ യേശു ഉപയോഗിച്ചിരുന്ന ഹൃദ്യമായ പദം?
5. ഫ്രാൻസിലെ റോവെൻ അതിരൂപതയിൽ വി. കുർബാന അർപ്പണത്തിനിടെ ഐ.എസ്സ്. തീവ്രവാദികൾ കഴുത്തറുത്ത് കൊലപ്പെടുത്തിയ വന്ദ്യവൈദീകൻ?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x5=5**


6. വി. അന്തോനീസിന്റെ അഭിപ്രായത്തിൽ പറുദീസായുടെ വാതിൽ?
   (കുമ്പസാരം, വിശുദ്ധ കുർബാന, പ്രാർത്ഥന)
7. 4-ാം പ്രമാണത്തിന്റെ വിശദീകരണം പഴയ നിയമത്തിലെ ഏതു പുസ്തകത്തിൽ?
   (പുറപ്പാട്, പ്രഭാഷകൻ, സംഖ്യ)
8. 'ഇതാ നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്' എന്ന് യേശു തളർവാതരോഗിയോട് പറഞ്ഞത് എവിടെ വച്ച്?
   (ദേവാലയത്തിൽ വച്ച്, വഴിയിൽ വച്ച്, കുളക്കരയിൽ വച്ച്)
9. 2016 ജൂൺ 3ന് വത്തിക്കാൻ പുറപ്പെടുവിച്ച രേഖയിലൂടെ അപ്പസ്തോലന്മാരുടെ അപ്പസ്തോലയായി' ഫ്രാൻസിസ് പാപ്പ വിശേഷിപ്പിച്ചത് ആരെ?
   (മഗ്ദലന മറിയത്തെ, മദർ തെരേസയെ, സ്നാപക യോഹന്നാനെ)
10. നരകത്തിൽ കിടക്കുന്ന ധനവാന് ലാസറിന്റെ അടുക്കലേക്കോ, ലാസറിന് ധനവാന്റെ അടുക്കലേക്കോ വരാൻ സാധിക്കാത്തവിധത്തിൽ തടസ്സമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നത് എന്ത്?
    (പീഡകളുടെ സ്ഥലം, അഗ്നിജ്വാല, വലിയ ഗർത്തം)

**ദൈവവചനം എഴുതുക** **1¼ x 2= 2½**

11. 1 പത്രോസ് 2:1 – 'നിങ്ങൾ എല്ലാ തിന്മയും വഞ്ചനയും......................
12. മത്തായി 7:23 – ''ഞാൻ നിങ്ങളെ ഒരിക്കലും...........................

**ഉത്തരം എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **2½x2=5**

13. സീറോ മലബാർ സഭയിലെ കടമുള്ള ദിവസങ്ങൾ എഴുതി പട്ടിക പൂർത്തിയാക്കുക




14. ഒന്നാം പ്രമാണം എഴുതി, ഒന്നാം പ്രമാണത്തിലൂടെ ദൈവം നമ്മോടാവശ്യപ്പെടുന്ന പ്രധാന കാര്യങ്ങൾ എഴുതുക

15. ലൈംഗികവിശുദ്ധി എന്നാൽ എന്ത്? ഓരോ ജീവിതാന്തസ്സിലുള്ളവരും എപ്രകാരം ലൈംഗിക വിശുദ്ധി പാലിക്കണമെന്ന് എഴുതി പട്ടിക പൂർത്തിയാക്കുക?

| | |
|---|---|
| വിവാഹിതർ | |
| സമർപ്പിതർ | |
| ഏകസ്ഥർ (അവിവാഹിതർ) | |

**ഉത്തരം എഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½**

16. വി. അന്തോനീസിന്റെ ജീവിത രേഖ എഴുതി പദചക്രം പൂർത്തിയാക്കാമോ?




17. വി. ഫ്രാൻസിസ് സേവ്യർ ഇന്ത്യയിൽ നടത്തിയ ഏതെങ്കിലും അഞ്ച് പ്രേഷിത പ്രവർത്തനങ്ങൾ എഴുതുക.

**നമസ്കാരങ്ങൾ** **2½x2=5**

18. ദുഃഖകരമായ രഹസ്യങ്ങളിൽ നാലും അഞ്ചും എഴുതുക.

19. കാരുണ്യപ്രവൃത്തികൾ - ആദ്ധ്യാത്മികങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണം എഴുതുക.

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. മാതാപിതാക്കളോടുള്ള കടമകൾ നിർവ്വഹിക്കുകയും, അധികാരികളേയും മുതിർന്നവരേയും ബഹുമാനിക്കുകയും ചെയ്യണമെന്ന് നാലാം പ്രമാണം അനുശാസിക്കുന്നു. പാഠം 5 ആസ്പദമാക്കി ഉപന്യസിക്കുക.

21. 'കൊല്ലരുത്' എന്ന ദൈവപ്രമാണം ജീവനു ദോഷമായി ഒന്നും ചെയ്യരുതെന്നു മാത്രമല്ല ജീവനെ സംരക്ഷിക്കാനും നമ്മെ ഓർമ്മിപ്പിക്കുന്നു. മനുഷ്യ ജീവനെതിരായുള്ള തിന്മകൾ ഏവ? മനുഷ്യജീവനെ സംരക്ഷിക്കുന്നതിനായി ചെയ്യാവുന്ന കാര്യങ്ങൾ ഏവ? വിവരിക്കുക.

**22. പൊതുചോദ്യം** **5**

കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം എന്ന ദൈവപ്രമാണം ദൈവത്തോടും സഭയോടുമൊത്തു വളരുവാൻ നമ്മെ സഹായിക്കുന്നു. എന്നാൽ ഇന്ന് തിരുനാളുകളുടേയും കല്യാണാഘോഷങ്ങളുടേയുമൊക്കെ ദിനമായി ഞായറാഴ്ച (കർത്താവിന്റെ ദിവസം) മാറിയിട്ടില്ലേ? കുടുംബാംഗങ്ങളോടൊത്തായിരിക്കാനും, ദൈവത്തെ ആരാധിക്കാനും, അവശരോട് കാരുണ്യം കാണിക്കാനുമൊക്കെയായി ഈ ദിനം എങ്ങനെ വിനിയോഗിക്കാം എന്നു കാണിച്ച് ഒരു പ്രസംഗം തയ്യാറാക്കുക.

**23. ഇന്റേണൽ അസ്സെസ്സ്മെന്റ്** **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**06 - 11 - 2016** | **മാർക്ക് – 50**

**10.30 am - 12.30 pm** | **ഉത്തരസൂചിക** | **സമയം – 2 മണിക്കൂർ**

## STD - VII

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യം എഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **1x5=5**

1. സ്നേഹം – 1/12
2. ഫ്രാൻസിസ് സേവ്യറിന്റെ; – വിശുദ്ധരെ അറിയാൻ പേജ് 8 –
3. രണ്ടു പ്രാവശ്യം – ലൂക്കാ 16:20, 22
4. ആബാ – 3/21
5. ഫാ. ഷാക് ഹാമ്മൽ – സത്യദീപം, ജൂലൈ 28 – ആഗസ്റ്റ് 3/2016

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **1x5=5**

6. കുമ്പസാരം – വിശുദ്ധരെ അറിയാൻ പേജ് 19
7. പ്രഭാഷകൻ – 5/31
8. ദേവാലയത്തിൽ വച്ച് – യോഹന്നാൻ 5:14
9. മഗ്ദലന മറിയത്തെ – സത്യദീപം, ആഗസ്റ്റ് 4-10/2016
10. വലിയ ഗർത്തം – ലൂക്കാ. 16:26

**ദൈവവചനം എഴുതുക** **1¼ x 2= 2½**

11. 9/53. 1 പത്രോസ് 2:1 'നിങ്ങൾ എല്ലാ തിന്മയും..................
12. 8/46. മത്തായി 7:23. 'ഞാൻ നിങ്ങളെ ഒരിക്കലും.....................

**ഉത്തരം എഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **2½x2=5**

13. 4/29
    ഞായറാഴ്ചകൾ
    നമ്മുടെ കർത്താവിന്റെ പിറവി തിരുനാൾ
    വിശുദ്ധ തോമാശ്ലീഹായുടെ മരണ തിരുനാൾ
    പ. കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ
    നമ്മുടെ കർത്താവിന്റെ മാമ്മോദീസ
    വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ
    നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം
14. 2/14, 18
15. 7/42

**ഉത്തരം എഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½x1=2½**

16. വിശുദ്ധരെ അറിയാൻ 2/22
17. വിശുദ്ധരെ അറിയാൻ 1/9, 10

**നമസ്കാരങ്ങൾ** **2½ x2= 5**

18. പേജ് 20 , 21
19. പേജ് 13

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും ഒരെണ്ണം)** **5x1=5**

20. 5/32-34
21. 6/37-38

**22. പൊതുചോദ്യം (രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക)** **5**

**23. ഇന്റേണൽ അസ്സെസ്സ്മെന്റ്** **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയന വർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചന ദീപം പേജ് 25 കാണുക) പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഇന്റേണൽ അസ്സെസ്സ്മെന്റ് 15 ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുക ളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡ ങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 25 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**01 -11 - 2015** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

## STD - VII

***നിർദ്ദേശങ്ങൾ:*** *ചോദ്യപ്പേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. നമ്മുടെ കർത്താവിന്റെ മാമ്മോദീസായെ അനുസ്മരിച്ച് തിരുസഭ ആഘോഷിക്കുന്ന തിരുനാൾ?
2. മനുഷ്യജീവന് എതിരെയുള്ള ആക്രമണങ്ങളിൽ ഏറ്റവും നീചവും മനുഷ്യത്വരഹിതവുമായ തിന്മ ഏത്?
3. ഈശോ ആരാണെന്നാണ് അശുദ്ധാത്മാവു ബാധിതൻ പറഞ്ഞത്?
4. വി. അന്തോനീസ് 'പറുദീസയുടെ വാതിൽ' എന്ന് വിശേഷിപ്പിച്ചത് എന്തിനെയാണ്?
5. മദർ തെരേസയുടെ പ്രഥമ പിൻഗാമിയായി മിഷണറിസ് ഓഫ് ചാരിറ്റി സഭയെ നയിച്ചിരുന്ന സുപ്പീരിയർ ജനറൽ ആര്?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **5**

6. ''പൂർണ്ണഹൃദയത്തോടെ പിതാവിനെ ബഹുമാനിക്കുക; നൊന്തുപെറ്റ അമ്മയെ മറക്കരുത്.''
   (പ്രഭാഷകൻ 5:27, പ്രഭാഷകൻ 6:27, പ്രഭാഷകൻ 7:27)
7. എവിടെ എത്തിയപ്പോഴാണ് പടയാളികൾ യേശുവിന് കയ്പു കലർത്തിയ വീഞ്ഞ് കുടിക്കാൻ കൊടുത്തത്?
   (പ്രത്തോറിയത്തിൽ, ഗോൽഗോഥായിൽ, കാൽവരിയിൽ)
8. ലോകത്തിൽ എവിടെയെല്ലാം ഈ സുവിശേഷം പ്രസംഗിക്കപ്പെടുമോ അവിടെയെല്ലാം ഇവൾ ചെയ്ത കാര്യവും ഇവളുടെ സ്മരണയ്ക്കായി പ്രസ്താവിക്കപ്പെടും. (മത്തായി 26:13) ഏതു കാര്യം?
   (പാദം കഴുകൽ, പാപിനിയുടെ മാനസാന്തരം, തൈലാഭിഷേകം)
9. വി. ഫ്രാൻസീസും സംഘവും ഏതു പേരിൽ അറിയപ്പെടാനാണ് വി. ഇഗ്നേഷ്യസ് ആഗ്രഹിച്ചത്?
   (യേശുവിന്റെ സംഘം, തിരുസംഘം, സമർപ്പിതസംഘം)
10. വാരണാസി രൂപതയുടെ ബിഷപ്പായി ഫ്രാൻസീസ് പാപ്പ നിയമിച്ചതാരെ?
    (മാർ റാഫി മഞ്ഞളി, മാർ എവുജിൻ ജോസഫ്, മാർ ബസേലിയോസ് ക്ലിമീസ്)


**ദൈവവചനം എഴുതുക** **2½**

11. യോഹ. 16:23 'സത്യം സത്യമായി ...............................
12. മത്തായി 7:23 'ഞാൻ ...........................

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

13. ദൈവീക പുണ്യങ്ങളേയും ദൈവാരാധനയേയും കുറിച്ച് പരാമർശിക്കുന്നവയിൽ താഴെ കൊടുത്തിരിക്കുന്നവ ശരിയോ തെറ്റോ? തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക.
    a. സൃഷ്ടികളെന്ന നിലയ്ക്ക് സ്രഷ്ടാവിനെ ആരാധിക്കാൻ മൂന്നാം പ്രമാണം നമ്മോട് ആവശ്യപ്പെടുന്നു.
    b. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് തന്റെ സമ്പൂർണ്ണ സമർപ്പണത്തിലൂടെ മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് ശരണം.
    c. സർവ്വശക്തനും കാരുണ്യവാനും വാഗ്ദാനങ്ങളിൽ വിശ്വസ്തനുമായ ദൈവം നമുക്കാവശ്യമായ കൃപയും അനുഗ്രഹവും തരുമെന്ന ഉത്തമ ബോധ്യമാണ് വിശ്വാസം.
    d. എല്ലാറ്റിനും ഉപരിയായി ദൈവത്തേയും തന്നെപ്പോലെതന്നെ മറ്റുള്ളവരേയും സ്നേഹിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന ദൈവീക പുണ്യമാണ് സ്നേഹം.
    e. അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദേവന്മാർ നിനക്ക് ഉണ്ടാകരുത്. (ലേവ്യർ 20:2,3)
14. ലൈംഗിക വിശുദ്ധി പാലിക്കാൻ സഹായകരമായ കാര്യങ്ങൾ ഏതെങ്കിലും അഞ്ചെണ്ണം എഴുതുക.

15. സത്യത്തിനു സാക്ഷ്യം വഹിക്കുക നമ്മുടെ ദൗത്യമാണെന്നു വ്യക്തമാക്കി, സത്യത്തിനു വിരുദ്ധമായ തിന്മകൾ എഴുതി പദസൂര്യൻ തയ്യാറാക്കുക.




**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½**

16. ചിത്രത്തിൽ കാണുന്ന വിശുദ്ധനെ തിരിച്ചറിഞ്ഞ് ഉത്തരങ്ങൾ പൂർത്തിയാക്കുക.

| വിശുദ്ധൻ | ജനന വർഷം | മാതാപിതാക്കൾ | തിരുനാൾദിനം | പുണ്യവചനം |
|---|---|---|---|---|
|  | | | | |

17. വി. അന്തോനിയുടെ ജീവിതചരിത്രത്തിൽ നിന്ന് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം എഴുതുക.

**വി. അന്തോനി**

A. വി. അന്തോനിയുടെ മരണവാർത്ത അറിഞ്ഞ കുട്ടികൾ വിളിച്ചുപറഞ്ഞതെന്ത്?

B. വി. അന്തോനിയുടെ പ്രേഷിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രണ്ട് അത്ഭുതങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള കൃതി?

C. തിരുനാൾദിനം

D. വി. അന്തോനീസിനെ വേദപാരംഗതനായി പ്രഖ്യാപിച്ചതെന്ന്?

E. പുണ്യവചനം

**നമസ്കാരങ്ങൾ** **5**

18. സുവിശേഷഭാഗ്യങ്ങളിലെ അവസാനത്തെ അഞ്ചെണ്ണം എഴുതുക.

19. പരിശുദ്ധ ജപമാലയിലെ 4ഉം 5ഉം ദുഃഖകരമായ ദിവ്യരഹസ്യങ്ങൾ എഴുതുക.

**രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

20. ദൈവപ്രമാണങ്ങളുടെ പ്രാധാന്യം, അർത്ഥം, പൂർത്തീകരണം ഇവ വിശദമാക്കി അനുദിന ജീവിതത്തിൽ ഈ പ്രമാണങ്ങൾ അനുസരിക്കേണ്ടതിന്റെ ആവശ്യകത 'നിത്യജീവൻ പ്രാപിക്കാൻ' എന്ന പാഠത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

21. നല്ല കുടുംബങ്ങൾ നല്ല സമൂഹത്തെയും നല്ല ലോകത്തെയും സൃഷ്ടിക്കുന്നു. നല്ല കുടുംബങ്ങൾ സൃഷ്ടിക്കാൻ മക്കൾക്കു മാതാപിതാക്കളോടും മാതാപിതാക്കൾക്ക് മക്കളോടും ഉള്ള കടമകൾ എന്തെല്ലാമെന്ന് നാലാം പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ വിവരിക്കുക.

**പൊതുചോദ്യം (രണ്ട് പേജിൽ കവിയാതെ ഒരു കത്തെഴുതുക)** **5**

22. സ്കൂളിൽ പോയി തിരിച്ചു വരുന്ന വഴിയിൽ സ്കൂൾ ബസിൽ മരം വീണു കുഞ്ഞുങ്ങൾ മരിച്ച അതിദാരുണമായ സംഭവം നമ്മുടെ ഓർമ്മയിലുണ്ട്. ഏതു മനോഭാവത്തോടെയാണ് ഇത്തരം ആകസ്മിക സംഭവങ്ങളെ നാം തരണം ചെയ്യേണ്ടതെന്ന് വേദപാഠക്ലാസിൽ നിന്ന് ലഭിച്ച അറിവിന്റേയും ബോധ്യങ്ങളുടേയും വെളിച്ചത്തിൽ സ്നേഹിതനൊരു കത്തെഴുതുക.

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 15-ൽ മാർക്ക് നൽകുന്നു.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**01 - 11 - 2015** **മാർക്ക് – 50**

**10.30 am - 12.30 pm** **STD - VII** **സമയം – 2 മണിക്കൂർ**

**ഉത്തരസൂചിക**

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത് കൂടുതൽ എഴുതി യാലും ആദ്യമെഴുതിയിരിക്കുന്നവയാണ് പരിഗണിക്കേണ്ടത്.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. ദനഹാത്തിരുന്നാൾ 4/29
2. ഭ്രൂണഹത്യ – 6/38
3. ദൈവത്തിന്റെ പരിശുദ്ധൻ – മർക്കോസ് 1 :24
4. കുമ്പസാരം – വിശുദ്ധരെ അറിയാൻ – പേജ് 19
5. സി. നിർമ്മല – സത്യദീപം 2015 ജൂൺ 25-ജൂലൈ 1

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **5**

6. പ്രഭാഷകൻ 7:27 – 5/33
7. ഗോൽഗോഥായിൽ – മത്തായി. 27/33
8. തൈലാഭിഷേകം – മത്തായി. 26:6-13
9. യേശുവിന്റെ സംഘം – വി. അറിയാൻ – പേജ് 9
10. മാർ എവുജിൻ ജോസഫ് – സത്യദീപം 2015 ജൂൺ 4-10

**ദൈവവചനം എഴുതുക** **2½**

11. 3/24 യോഹ. 16:23 ''സത്യം സത്യമായി ..............................
12. 8/46 മത്തായി 7:23 ''ഞാൻ ..........................

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** **5**

13. a. തെറ്റ്. സൃഷ്ടികളെന്ന നിലയ്ക്ക് സ്രഷ്ടാവിനെ ആരാധിക്കാൻ ഒന്നാം പ്രമാണം നമ്മോട് ആവശ്യപ്പെടുന്നു. 2/17

b. തെറ്റ്. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് തന്റെ സമ്പൂർണ്ണ സമർപ്പ ണത്തിലൂടെ മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് വിശ്വാസം. 2/16

c. തെറ്റ്. സർവ്വശക്തനും കാരുണ്യവാനും വാഗ്ദാനങ്ങളിൽ വിശ്വസ്തനു മായ ദൈവം നമുക്കാവശ്യമായ കൃപയും അനുഗ്രഹവും തരുമെന്ന ഉത്തമ ബോധ്യമാണ് പ്രത്യാശ അഥവാ ശരണം. 2/16

d. ശരി. 2/17

e. തെറ്റ്. അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്ന് നിന്നെ പുറത്തു കൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദേവന്മാർ നിനക്ക് ഉണ്ടാകരുത്. (പുറപ്പാട് 20:2-3). 2/14,15

14. 7/43
15. 9/51-52

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½**

16. വിശുദ്ധരെ അറിയാൻ പേജ് 5, പേജ് 13
17. A. വിശുദ്ധരെ അറിയാൻ പേജ് 21

B. വിശുദ്ധരെ അറിയാൻ പേജ് 20

C. വിശുദ്ധരെ അറിയാൻ പേജ് 22

D. വിശുദ്ധരെ അറിയാൻ പേജ് 21

E. വിശുദ്ധരെ അറിയാൻ പേജ് 22

**നമസ്കാരങ്ങൾ** **5**

18. നമസ്ക്കാരങ്ങൾ – പേജ് 14
19. നമസ്ക്കാരങ്ങൾ – പേജ് 20, 21

**രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

20. 1/10-12
21. 5/32-34

**പൊതുചോദ്യം (രണ്ട് പേജിൽ കവിയാതെ ഒരു കത്തെഴുതുക)** **5**

22. പൊതുചോദ്യം

23. ഇന്റേണൽ അസ്സെസ്സ്മെന്റ് **15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്സ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്സ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 32 കാണുക) പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 32 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**2 - 11 - 2014** | **മാർക്ക് – 50**

**10.30 am - 12.30 pm** | **STD - VII** | **സമയം – 2 മണിക്കൂർ**

*__നിർദ്ദേശങ്ങൾ:__ ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള ചോദ്യവിഭാഗത്തിൽ ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമെ ഉത്തരമെഴുതാവൂ.*


**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

1. 'നസ്രായനായ ഈശോയുടെ നാമത്തിൽ എഴുന്നേറ്റു നടക്കുക' എന്നു പറഞ്ഞുകൊണ്ട് ജന്മനാ മുടന്തനായ ഒരാളെ സുഖപ്പെടുത്തിയതാര്?
2. സ്വന്തം ബോധ്യത്തിനും അറിവിനും എതിരായി സംസാരിക്കുന്ന തിന്മ ഏത്?
3. യേശു ബഥാനിയായിൽ ആരുടെ ഭവനത്തിലായിരിക്കുമ്പോഴാണ് തൈലാഭിഷേകം നടന്നത്?
4. ''പാപത്തിന്റെ വിഷം കുടിച്ചുകഴിഞ്ഞാൽ അതിനുള്ള ഏക പ്രതിവിധി ആത്മാർത്ഥതയും അനുതാപപൂർണ്ണമായ കുമ്പസാരവുമാണ്.'' ഇതു പറഞ്ഞ വിശുദ്ധൻ ആര്?
5. വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെയും എവുപ്രാസ്യാമ്മയെയും വിശുദ്ധരായി പ്രഖ്യാപിക്കുന്നതെന്ന്?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

6. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് തന്റെ സമ്പൂർണ്ണ സമർപ്പണത്തിലൂടെ മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ്.
   (സ്നേഹം, വിശ്വാസം, ശരണം)
7. ''എന്നെ അനുഗമിക്കുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും.'' ആര്, ആരോടു പറഞ്ഞു?
   (യേശു പന്ത്രണ്ടു ശിഷ്യന്മാരോട്, യേശു സെബദിപുത്രന്മാരോട്, യേശു ശിമയോനോടും അന്ത്രയോസിനോടും)
8. യേശുവിനെ സംസ്കരിച്ച കല്ലറ ആരുടെതായിരുന്നു?
   (ശതാധിപന്റെ, അരിമത്തെയാക്കാരൻ ജോസഫിന്റെ, നിക്കോദേമൂസിന്റെ)
9. ''സ്വാർത്ഥത ഉപേക്ഷിച്ച് യേശുവിനായി അധ്വാനിക്കുന്ന മിഷണറിമാരുണ്ടെങ്കിൽ കൂടുതൽ ആളുകൾ യേശുവിനെ അറിയാൻ ഇടവരും'' ഇത് ആരുടെ സന്ദേശമാണ്?
   (വി. കൊച്ചുത്രേസ്യ, വി. അന്തോനീസ്, വി. ഫ്രാൻസീസ് സേവ്യർ)
10. 'പാലിയം' എന്നാൽ എന്ത്?
   (സഭ നൽകുന്ന ബഹുമതി, കർദ്ദിനാൾമാർ അരയിൽ ചുറ്റുന്ന ചുവന്ന പട്ടയുടെ പേര്, ആർച്ചു ബിഷപ്പുമാർ കഴുത്തിലണിയുന്ന ഒരു സ്ഥാനചിഹ്നം)

**ദൈവവചനം എഴുതുക.** **2 ½**



11. 1 കോറിന്തോസ്. 3:16 ''നിങ്ങൾ ..........................................................

12. സങ്കീർത്തനം. 118:24 ''കർത്താവ് ..........................................................

**ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** 5

13. ബ്ലേഡ് മാഫിയയുടെ ഭീഷണിമൂലം അടുത്ത കാലത്ത് ഒരു കുടുംബം ആത്മഹത്യ ചെയ്യുകയുണ്ടായല്ലൊ. അന്യായപ്പലിശ വാങ്ങുന്നത് ഏത് പ്രമാണത്തിന് എതിരെയുള്ള സാമൂഹ്യതിന്മയാണ്? ഈ പ്രമാണത്തിനെതിരെയുള്ള മറ്റ് അഞ്ചു സാമൂഹ്യ തിന്മകൾ എഴുതുക.

14. **ചേരുംപടി ചേർത്ത് പട്ടിക പൂർത്തിയാക്കുക.**

| | | | |
|---|---|---|---|
| a | വിശ്വാസം | മോശ | ഉൽപത്തി 32:28 |
| b | യാക്കോബ് | സത്യസന്ധത | ഞാൻ ഞാൻ തന്നെ |
| c | ദൈവം | ഇസ്രായേൽക്കാർ | സ്നേഹം |
| d | സാബത്ത് | പ്രത്യാശ | എട്ടാം പ്രമാണം |
| e | കള്ളസാക്ഷ്യം പറയരുത് | വിശ്രമം | ഉൽപത്തി 17:5 |
| | | ഇസ്രായേൽ | ആരാധന |

15. അനുദിന ജീവിതത്തിൽ കൽപനകൾ എന്തിനെല്ലാം നിങ്ങളെ സഹായിക്കുന്നു? വചനഭാഗം ഉൾപ്പെടുത്തി എഴുതുക.

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** 2 ½

16. പട്ടിക പൂർത്തിയാക്കുക.

| പേര് | ജനനം | മരണം | തിരുനാൾദിനം | പുണ്യവചനം |
|---|---|---|---|---|
| A. വി. ഫ്രാൻസീസ് സേവ്യർ | ............ | ............ | ............ | ............ |
| B. ............ | ............ | ............ | ജൂൺ 13 | ............ |

17. ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലൻ എന്നറിയപ്പെടുന്ന വിശുദ്ധനാര്? ആ വിശുദ്ധനെ സന്ന്യാസ വിളിയിലേക്കു നയിച്ച വചനവും അതിനു കാരണമായ സാഹചര്യവും എഴുതുക.

**നമസ്കാരങ്ങൾ**


18. മനസ്താപപ്രകരണം എഴുതുക. 2 ½
19. ദൈവമാതാവിനോടുള്ള ജപമാലയിലെ ദുഃഖകരമായ ദിവ്യരഹസ്യങ്ങൾ ഒന്നും രണ്ടും എഴുതുക. 2 ½

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** 5

20. മനുഷ്യജീവനെതിരെയുള്ള തിന്മകൾ 'ജീവൻ ദൈവദാനം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.
21. ഞായറാഴ്ചയുടെ പ്രാധാന്യം മനസിലാക്കി കുർബാനയിലും വേദപാഠക്ലാസിനും പങ്കെടുക്കാതെ ട്യൂഷനും, കോച്ചിംഗിനും മറ്റും പോകുന്ന നിങ്ങളുടെ സുഹൃത്തിനെ നിങ്ങൾ എങ്ങിനെ ബോധവൽക്കരിക്കും? നാലാം പാഠത്തെ അടിസ്ഥാനമാക്കി വിവിരിക്കുക.

**പൊതുചോദ്യം (ഉപന്യാസം തയ്യാറാക്കുക)** 5

22. നിങ്ങളുടെ ചുറ്റുവട്ടങ്ങളിലെ പ്രകൃതിചൂഷണങ്ങളെ തടയുവാൻ നിങ്ങൾ പഠിച്ച പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്ന ശ്രമങ്ങളെ വിവരിച്ചുകൊണ്ട് രണ്ടുപേജിൽ കവിയാതെ ഒരു ഉപന്യാസം തയ്യാറാക്കുക.





23. **ഇന്റേണൽ അസ്സെസ്മെന്റ്** 15

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലിയൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്) ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (2 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്), പ്രവൃത്തി കേന്ദ്രീകൃത മതബോധന പ്രവർത്തനങ്ങൾ (4 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 15-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം

## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**2 - 11 - 2014** | **മാർക്ക് – 50**

**10.30 am - 12.30 pm** | **STD - VII** | **സമയം – 2 മണിക്കൂർ**

**ഉത്തരസൂചിക**

> ***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരയ്ക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവ പരിഗണിക്കുക*

### ഒറ്റവാക്കിൽ ഉത്തരമെഴുതുക. 5

1. പത്രോസ് ശ്ലീഹാ – 3/21
2. നുണ – 9/51.
3. കുഷ്ഠരോഗിയായ ശിമയോൻ – (മത്തായി 26:6.)
4. വി. അന്തോണീസ് – (വിശുദ്ധരെ അറിയാൻ – 2/19.)
5. 2014 നവം. 23 – (സത്യദീപം ജൂൺ 19-25/2014)

### ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക 5

6. വിശ്വാസം 2/16
7. യേശു ശിമയോനോടും അന്ത്രയോസിനോടും – (മർക്കോസ്.1:17)
8. അരിമത്തെയാക്കാരൻ ജോസഫിന്റെ – (മത്തായി. 27:57.)
9. വി. ഫ്രാൻസീസ് സേവ്യർ – (വിശുദ്ധരെ അറിയാൻ – 1/13)
10. ആർച്ചു ബിഷപ്പുമാർ കഴുത്തിലണിയുന്ന ഒരു സ്ഥാനചിഹ്നം – (സത്യദീപം ജൂലൈ 3-9/2014)

### ദൈവവചനം എഴുതുക 2 ½

11. 7/44 – 1 കോറി. 3:16 ''നിങ്ങൾ......
12. 4/30 – സങ്കീ.118/24 ''കർത്താവ്........

### ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം) 5

13. 8/47
14. (a) 2/16, (b) 3/23, (c) 3/20, (d) 4/26, (e) 9/50.
15. 1/12

### ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം) 2 ½

16. (A) വിശുദ്ധരെ അറിയാൻ – 1/13
    (B) വിശുദ്ധരെ അറിയാൻ – 2/22
17. വിശുദ്ധരെ അറിയാൻ – 1/5-8

### നമസ്കാരങ്ങൾ

18.. നമസ്കാരങ്ങൾ – 17/12 **2 ½**

19. നമസ്കാരങ്ങൾ പേജ് 20 **2 ½**

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം) 5**

20. 6/37, 38.

21. 4/26-29.

**പൊതുചോദ്യം 5**

22. രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക.

**23. ഇന്റേണൽ അസ്സെസ്സ്മെന്റ് 15**

35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലൊ. (വചനദീപം പേജ് 28 കാണുക) പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാ. 35-ൽ 28ഉം 15-ൽ 12ഉം കിട്ടിയ ഒരു കുട്ടിക്ക് 28/35 + 12/15 = 40/50 എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 35-ൽ 28ഉം മൊത്തത്തിൽ 40ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയയ്ക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽനിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (6 മാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം : വചനദീപം പേജ് 28 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**10 - 11 - 2013** | **മാർക്ക് – 50**

**10.30 am - 12.30 pm** | **സമയം – 2 മണിക്കൂർ**

## STD - VII

***നിർദ്ദേശങ്ങൾ:*** *ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരക്കണമെന്നത് നിർബന്ധമില്ല. ചിത്രങ്ങളിൽ നൽകിയിരിക്കുന്ന ക്രമനമ്പർ എഴുതി ഉത്തരങ്ങൾ പൂർത്തിയാക്കാവുന്നതാണ്. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രം ഉത്തരമെഴുതുക.*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഞായറാഴ്ച ആചരണത്തെക്കുറിച്ച് എഴുതിയ അപ്പസ്തോലിക ലേഖനമേത്?
2. യേശുവിനെ കുരിശു ചുമക്കാൻ സഹായിച്ചതാര്?
3. ''എനിക്ക് ആത്മാക്കളെ തരിക, ശേഷമെല്ലാം അങ്ങ് എടുത്തു കൊള്ളുക'' എന്ന് പറഞ്ഞതാര്?
4. റോമൻ കൂരിയായിൽ വിശ്വാസ കാര്യാലയത്തിന്റെ അദ്ധ്യക്ഷൻ ആര്?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക.** **4**


5. തന്റെ അടുക്കലേക്ക് വന്ന തളർവാത രോഗിയോട് യേശു പറഞ്ഞതെന്ത്?
   (നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു, സമാധാനത്തോടെ പോവുക, എനിക്കു മനസ്സുണ്ട്)
6. വി. അന്തോണീസിനെ വിശുദ്ധനായി പ്രഖ്യാപിച്ചതെന്ന്?
   (1231 മെയ് 30, 1232 മെയ് 30, 1232 ജൂൺ 30)
7. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സംഘാടകനാര്?
   (പോൾ ആറാമൻ പാപ്പ, ജോൺ 23-ാമൻ പാപ്പ, ജോൺ പോൾ രണ്ടാമൻ പാപ്പ)
8. സമൂഹം ഒന്ന് ചേർന്ന് നടത്തുന്ന ഏറ്റവും ശ്രേഷ്ഠമായ ആരാധന ഏത്?
   (വി. കുർബ്ബാന, നൊവേന, തിരുമണിക്കൂർ ആരാധന)

**ചേരുംപടി ചേർത്തെഴുതുക** **2**

| | | |
|---|---|---|
| 9. ദൈവിക പുണ്യം | – | പാപമോചനം |
| 10. മോഷ്ടിക്കരുത് | – | ശിമയോനും അന്ത്രയോസും |
| 11. ഉടമ്പടിയുടെ രക്തം | – | സാമൂഹിക നീതി |
| 12. ആദ്യ ശിഷ്യന്മാർ | – | സ്നേഹം |
| | – | യാക്കോബും യോഹന്നാനും |


**ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **7½**

13. ഒന്നാം പ്രമാണത്തിനെതിരായ തിന്മകൾ എഴുതി പദചക്രം പൂർത്തിയാക്കുമല്ലോ. എന്തുകൊണ്ടാണ് അവ ദൈവനിന്ദാപരമായ പാപങ്ങളായിത്തീരുന്നത്? വിശദീകരിക്കുക.




14. ജീവന്റെ സംരക്ഷണപരമായ കാര്യങ്ങളിൽ ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം എന്ത്?


15. എട്ടാം പ്രമാണത്തിനെതിരായ മറ്റ് തിന്മകൾ ഏതൊക്കെയാണ്? എങ്ങനെയാണ് പരീക്ഷയിൽ കോപ്പിയടിക്കുന്നത് സത്യത്തിന് വിരുദ്ധമായ തിന്മയായി മാറുന്നത്?




സത്യത്തിന് വിരുദ്ധമായ തിന്മകൾ

16. സീറോ മലബാർ സഭ നിർദ്ദേശിക്കുന്ന കടപ്പെട്ട തിരുനാളുകൾ താഴെ നൽകിയിരിക്കുന്നു. ബാസ്ക്കറ്റിൽ നിന്നും ശരിയായ തീയതികൾ തിരഞ്ഞെടുത്ത് ഓരോന്നിന്റേയും നേരെ ചേർക്കുമല്ലോ?

1. നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം – ഉയിർപ്പ് 6-ാം ഞായർ കഴിഞ്ഞുവരുന്ന വ്യാഴാഴ്ച
2. വി. തോമാശ്ലീഹായുടെ മരണത്തിരുനാൾ – ________
3. പരി. കന്യകാമാതാവിന്റെ സ്വർഗാരോപണത്തിരുനാൾ – ________
4. നമ്മുടെ കർത്താവിന്റെ മാമ്മോദീസാ – ________
5. നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാൾ – ________
6. വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ – ________





**നമസ്കാരങ്ങൾ** **5**

17. സുവിശേഷഭാഗ്യങ്ങൾ എത്ര? അവ ഏതെല്ലാം?

18. മൂലപാപങ്ങൾക്ക് നേരെ അതിനെതിരായ പുണ്യങ്ങൾ ബാസ്കറ്റിൽ നിന്നും എടുത്തെഴുതുക

| | |
|---|---|
| നിഗളം | |
| ദ്രവ്യാഗ്രഹം | |
| മോഹം | |
| കൊതി | മിതഭോജനം |
| കോപം | ക്ഷമ |
| അസൂയ | |
| മടി | |




**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½**

19.



ചിത്രം ശ്രദ്ധിച്ചുവല്ലോ? ദിവ്യകാരുണ്യവുമായി നിൽക്കുന്ന ഈ വിശുദ്ധൻ ആരാണ്? ചിത്രം മനസ്സിലാക്കി ആ വിശുദ്ധന്റെ ജീവിതത്തിലെ വി. കുർബാനയുമായി ബന്ധപ്പെട്ട ഈ അത്ഭുതം വിവരിക്കുക.

20. വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ സന്ദേശമെന്ത്?

**രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

21. നല്ല കുടുംബത്തെ സൃഷ്ടിക്കുന്നതിൽ മാതാപിതാക്കൾക്കും മക്കൾക്കും തുല്യകടമയുണ്ടല്ലോ. 4-ാം പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ഇവരുടെ കടമകൾ വ്യക്തമാക്കുക.

22. നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണ്. (1 കൊറി 6:19). നമ്മുടെ ശരീരത്തിന്റെ മഹത്വവും പരിശുദ്ധിയും കാത്തുസൂക്ഷിക്കാൻ സഹായകരമായ കാര്യങ്ങൾ വിവരിക്കുക.

23. **പൊതുചോദ്യം (രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക)** **5**

ഒരുമയാണ് കുടുംബത്തിന്റെ സൗന്ദര്യം. വിശ്വസ്തതയാണ് സുരക്ഷ. സ്നേഹമാണ് സന്തോഷം. സേവനമാണ് നിയമം. എന്റെ വീട് ദൈവം വസിക്കുന്നതാവാൻ ഞാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിവരിച്ച് എഴുതുക.

24. **ഇന്റേണൽ അസ്സെസ്മെന്റ്** **15**

കുട്ടികളുടെ വിശുദ്ധ കുർബ്ബാനയിലെ പങ്കാളിത്തം (4 മാർക്ക്), വേദപാഠക്ലാസ്സിലെ ഭാഗഭാഗിത്വം (4 മാർക്ക്), ഫാമിലിയൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനകളിലെ ഭാഗഭാഗിത്വം (2 മാർക്ക്), മാതാപിതാക്കളുടെ ഭാഗത്തുനിന്നുള്ള സഹകരണം (1 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (2 മാർക്ക്) എന്നിവ കണക്കാക്കി അദ്ധ്യാപകൻ 15ൽ മാർക്ക് നൽകുന്നു.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

10 - 11 - 2013 | മാർക്ക് – 50

10.30 am - 12.30 pm | **STD - VII** | സമയം – 2 മണിക്കൂർ

**ഉത്തരസൂചിക**

***നിർദ്ദേശങ്ങൾ:*** *ഉത്തരങ്ങൾ എഴുതുമ്പോൾ ചിത്രങ്ങൾ വരക്കണമെന്നത് നിർബന്ധമില്ല. ചോയ്സ് നൽകിയിട്ടുള്ള വിഭാഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ബ്രാക്കറ്റിൽ പറഞ്ഞിരിക്കുന്ന എണ്ണത്തിനു മാത്രമാണ് കുട്ടികൾ ഉത്തരമെഴുതാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടുതൽ എഴുതിയാലും ആദ്യമെഴുതിയിരിക്കുന്നവ പരിഗണിക്കുക*

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **4**

1. കർത്താവിന്റെ ദിനം 4/27
2. ശിമയോൻ മത്തായി 27:32
3. വി. ഫ്രാൻസിസ് സേവ്യർ വിശുദ്ധരെ അറിയാൻ പേജ് 13
4. ആർച്ചുബിഷപ്പ് ജെറാർദ് ലൂഡ്‌വിഗ് മ്യൂള്ളർ സത്യദീപം ഒക്ടോബർ 2

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **4**

5. പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു വി. മർക്കോസ് 2:5
6. 1232 മെയ് 30 വിശുദ്ധരെ അറിയാൻ പേജ് 22
7. ജോൺ 23-ാമൻ പാപ്പ സത്യദീപം ആഗസ്റ്റ് 14
8. വി. കുർബാന 4/28

**ചേരുംപടി ചേർത്തെഴുതുക** **2**

9. ദൈവിക പുണ്യം – സ്നേഹം (2/17)
10. മോഷ്ടിക്കരുത് – സാമൂഹിക നീതി (8/45)
11. ഉടമ്പടിയുടെ രക്തം – പാപമോചനം വി. മത്താ 26:28
12. ആദ്യ ശിഷ്യന്മാർ – ശിമയോനും അന്ത്രയോസും (വി. മർക്കോസ് 1:16)

**ഉത്തരമെഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **7½**

13. 2/15-16
14. 6/39
15. 9/51-52
16. ശരിയായവ ബാസ്ക്കറ്റിൽ നിന്നും എടുത്തെഴുതുക (4/29)
    2. വി. തോമാശ്ലീഹായുടെ മരണത്തിരുനാൾ – ജൂലൈ 3
    3. പരി. കന്യകാമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ – ആഗസ്റ്റ് 15
    4. നമ്മുടെ കർത്താവിന്റെ മാമ്മോദീസ – ജനുവരി 6
    5. നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാൾ – ഡിസംബർ 25
    6. വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ – ജൂൺ 29

**നമസ്കാരങ്ങൾ** **5**

17. നമസ്കാരങ്ങൾ പേജ് 14
18. നമസ്കാരങ്ങൾ പേജ് 15

**ഉത്തരമെഴുതുക (ഏതെങ്കിലും ഒരെണ്ണം)** **2½**

19. വിശുദ്ധരെ അറിയാൻ 2/20
20. സ്വാർത്ഥത ഉപേക്ഷിച്ച് യേശുവിനായി അധ്വാനിക്കുന്ന മിഷണറിമാരുണ്ടെങ്കിൽ കൂടുതൽ ആളുകൾ യേശുവിനെ അറിയാൻ ഇടവരും. (വിശുദ്ധരെ അറിയാൻ, പേജ് 13)

**രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും ഒരെണ്ണം)** **5**

21. 5,31-34
22. 7,41-43
23. **പൊതുചോദ്യം (രണ്ട് പേജിൽ കവിയാതെ ഉപന്യസിക്കുക)** **5**

24. **ഇന്റേണൽ അസ്സെസ്മെന്റ്** **15**

**35 മാർക്കിനുള്ള ചോദ്യങ്ങളും 15 മാർക്കിന് ഇന്റേണൽ അസ്സെസ്മെന്റുമാണ് പരീക്ഷയ്ക്കുള്ളത്. അദ്ധ്യയനവർഷത്തിന്റെ ആരംഭം മുതൽ ഇന്റേണൽ അസ്സെസ്മെന്റ് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടാകുമല്ലോ. (വചനദീപം പേജ് 8-12 കാണുക). പരീക്ഷയ്ക്ക് 35-ൽ കിട്ടുന്ന മാർക്കും, ഇന്റേണൽ അസ്സെസ്മെന്റിന് 15-ൽ കിട്ടുന്ന മാർക്കും ഒരുമിപ്പിച്ച് പേപ്പറിൽ മാർക്കിടണം. ഉദാഹരണമായി 35-ൽ 30ഉം 15-ൽ 8ഉം കിട്ടിയ ഒരു കുട്ടിക്ക് 30+8 = $\frac{38}{50}$ എന്ന് പേപ്പറിന്റെ മുകളിൽ എഴുതണം. അങ്ങനെ 40-ഉം അതിൽ കൂടുതലും കിട്ടുന്ന പേപ്പറുകളാണ് അതിരൂപതയിലേക്ക് അയക്കേണ്ടത്. സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികളുടെ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിന്റെ വിശദവിവരം അതിരൂപതയിൽ നിന്നും ആവശ്യപ്പെടുമ്പോൾ നൽകാൻ (ആറുമാനദണ്ഡങ്ങൾക്കും പ്രത്യേകം പ്രത്യേകം: വചനദീപം പേജ് 9 കാണുക) അധ്യാപകർ തയ്യാറായിരിക്കണം.**

# എറണാകുളം - അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ - ഒന്നാം സെമസ്റ്റർ പരീക്ഷ

06-11-2011
സമയം: 2 മണിക്കൂർ

മാർക്ക് : 50
10.30 am - 12.30 pm

## STD VII
## PART - A

**ഒറ്റവാക്കിൽ ഉത്തരം പറയുക** 5

1. സൃഷ്ടികൾ എന്ന നിലയിൽ ഒന്നാം പ്രമാണം നമ്മോട് ആവശ്യപ്പെടുന്നതെന്ത്?
2. സാബത്ത് എന്ന പദത്തിന്റെ ഹീബ്രു മൂലം എന്ത്?
3 സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് തന്റെ സമ്പൂർണ്ണ സമർപ്പണത്തിലൂടെ മനുഷ്യൻ നൽകുന്ന പ്രത്യുത്തരം?
4. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഞായറാഴ്ച ആചരണത്തെക്കുറിച്ച് എഴുതിയ അപ്പസ്തോലിക ലേഖനം ഏത്?
5. ഒരു ക്രൈസ്തവകുടുംബം എപ്രകാരമായിരിക്കണമെന്നതിന്റെ ഉത്തമ ഉദാഹരണം ഏതാണ്?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. നമ്മുടെ കർത്താവിന്റെ മാമ്മോദീസ - ദഹനതിരുനാൾ എന്ന്?
(ജൂൺ 29, ജൂലൈ 3, ജനുവരി 6)
7. 'കള്ളന്മാരും അത്യാഗ്രഹികളും കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല'
(1 കോറി 4:8, 1 കോറി 6:10, റോമ 5:8)
8. കള്ളം പറയുന്നതിലെ ധാർമ്മിക പ്രശ്നം എന്താണ്?
(സൽപ്പേര് നശിപ്പിക്കും, അവകാശലംഘനം, മുഖസ്തുതി)
9. ജീവന് എതിരെയുള്ള ഭീഷണികൾ ഏതു പ്രമാണത്തിനെതിരായ തിന്മകളാണ്?
(ആറാം പ്രമാണം, അഞ്ചാം പ്രമാണം, ഏഴാം പ്രമാണം)
10. 'ഞാൻ ഞാൻ തന്നെ' എന്ന് ദൈവം മറുപടി നൽകുന്നത് ആരുടെ ചോദ്യത്തിനാണ്?
(മോശ, അബ്രാഹം, ഏശയ്യ)

**ചേരുംപടി ചേർക്കുക** 2½

| | | |
|---|---|---|
| 11. സമ്പത്ത് | - | സ്നേഹം |
| 12. ദൈവം | - | ആരാധനാദിനം |
| 13. താഹ്‌വേ | - | ദൈവത്തിന്റെ ആലയം |
| 14. നമ്മുടെ ശരീരം | - | ദൈവദാനം |
| 15. ഞായറാഴ്ച | - | പഴയനിയമം |

**ദൈവചനം എഴുതുക** 4

16. യോഹ 16:23 (പിതാവിനോട് ചോദിക്കുന്നതെന്തും തരും)
17. 1 കോറി 3:16 (നിങ്ങൾ ദൈവത്തിന്റെ ആലയം)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം പറയുക (ഏതെങ്കിലും മൂന്നെണ്ണം)** 6

18. അധികാരികളെയും മുതിർന്നവരെയും നാം ആദരിക്കണം. എന്തുകൊണ്ട്?
19. പരീക്ഷകളിൽ കോപ്പിയടിക്കുന്നതിലെ തിന്മയുടെ ഗൗരവം എന്ത്?
20. ലഹരി വസ്തുക്കളുടെ ഉപയോഗം തിന്മയാണ്. എന്തുകൊണ്ട്?
21. മോഷണം നടത്തിയ വ്യക്തി എങ്ങനെയാണ് പരിഹാരം ചെയ്യേണ്ടത്?

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** 5

22. ദൈവപ്രമാണങ്ങൾ പാലിച്ചുകൊണ്ട് എങ്ങനെ നിത്യജീവൻ നേടാമെന്ന് നിത്യജീവൻ പ്രാപിക്കാൻ എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

## PART - B

23. സാവൂളിന്റെ മാനസാന്തരം വിവരിക്കുന്നത് അപ്പ.പ്രവർത്തനത്തിലെ ഏത് അദ്ധ്യായത്തിലാണ്? 1
24. പത്രോസ് തന്റെ സഞ്ചാരത്തിനിടയിൽ യോപ്പായിൽവച്ച് പുനർജീവിപ്പിച്ചത് ആരെ? 1
25. സമരിയായിൽ സുവിശേഷ പ്രഘോഷണം നടത്തിയത് ആര്? 1
26. അവസാനമായി വാഴ്ത്തപ്പെട്ടവൻ എന്ന് നാമകരണം ചെയ്യപ്പെട്ട മാർപാപ്പ? 1
27. നമ്മുടെ അതിരൂപതയുടെ മെത്രാപ്പോലീത്താ? 1
28. ഭാരതത്തിലെ സുവിശേഷ പ്രഘോഷണത്തിനുശേഷം വി.ഫ്രാൻസീസ് സേവ്യർ എങ്ങോട്ടാണ് പോയത്? 1
29. 'വി.അന്തോനീസിന്റെ അപ്പം' എന്നാൽ എന്ത്? 1
30. കുമ്പസാരം എന്ന കൂദാശയെക്കുറിച്ചുള്ള വി.അന്തോനീസിന്റെ വാക്കുകൾ. 1½
31. വി.ഫ്രാൻസീസ് സേവ്യറിനെ ഗോവയിലെ ജനങ്ങൾ ഒരു നല്ല ക്രിസ്ത്യാനി എന്ന് വിശേഷിപ്പിച്ചത് എന്തുകൊണ്ട് 1½
32. മൂലപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും എഴുതുക. 3
33. ജപമാലയിലെ ദുഃഖത്തിന്റെ നാലും അഞ്ചും രഹസ്യങ്ങൾ എഴുതുക. 2

**34. രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** 5

'മാതാപിതാ ഗുരു ദൈവം' - ഒരു ക്രൈസ്തവ വിദ്യാർത്ഥി എന്ന നിലയിൽ ഈ വാക്യം എങ്ങനെ ജീവിതത്തിൽ അന്വർത്ഥമാക്കാം.

**35. ഇന്റേണൽ അസെസ്സ്മെന്റ്** 5

ഓരോ വിദ്യാർത്ഥിയുടേയും കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാറ്റം, അച്ചടക്കം, സ്വഭാവവിശേഷതകൾ, സേവനമനോഭാവം, സാമൂഹ്യപ്രതിബദ്ധത, മതബോധനത്തിനോടുള്ള താല്പര്യം, മാനസിക പക്വത, ഇവയെല്ലാം വിലയിരുത്തി അധ്യാപകൻ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ – ഒന്നാം സെമസ്റ്റർ പരീക്ഷ

06-11-2011
സമയം: 2 മണിക്കൂർ

മാർക്ക് : 50
10.30 am - 12.30 pm

## STD VII
## ഉത്തരസൂചിക

## PART - A

**ഒറ്റവാക്കിൽ ഉത്തരം പറയുക** 5

1. സ്രഷ്ടാവിനെ ആരാധിക്കാൻ 2/17
2. സാബാത്ത് 4/26
3. വിശ്വാസം 2/16
4. കർത്താവിന്റെ ദിനം 4/27
5. നസ്രസിലെ തിരുകുടുംബം 5/32

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. ജനുവരി 6 4/29
7. 1 കോറി 6:10 8/48
8. അവകാശലംഘനം 9/52
9. അഞ്ചാം പ്രമാണം 6/37
10. മോശ 3/20

**ചേരുംപടി ചേർക്കുക** 2½

11. സമ്പത്ത് - ദൈവദാനം 8/45
12. ദൈവം - സ്നേഹം 2/17
13. യാഹ്‌വേ - പഴയനിയമം 3/20
14. നമ്മുടെ ശരീരം - ദൈവത്തിന്റെ ആലയം 7/41
15. ഞായറാഴ്ച - ആരാധനാദിനം 4/28

**ദൈവചനം എഴുതുക** 4

16. 3/24 (പിതാവിനോട് ചോദിക്കുന്നതെന്തും തരും - യോഹ 16:23)
17. 7/44 (നിങ്ങൾ ദൈവത്തിന്റെ ആലയം - 1 കോറി 3:16)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം പറയുക (ഏതെങ്കിലും മൂന്നെണ്ണം)** 6

18. 5/34
19. 9/52
20. 6/38
21. 8/47

**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** 5

22. 1/9-12

## PART - B

23. അദ്ധ്യായം 9 1
24. തബീത്ത (അപ്പ 9:36-43) 1
25. പീലിപ്പോസ് (അപ്പ 8-5) 1
26. ജോൺ പോൾ II 1
27. മാർ ജോർജ്ജ് ആലഞ്ചേരി 1
28. മലാക്ക ദ്വീപ് 1/10 1
29. വി.അന്തോണീസിന്റെ നാമത്തിലുള്ള ദാനധർമ്മം 2/21 1
30. വിശുദ്ധരെ അറിയാൻ 2/19 1½
31. വിശുദ്ധരെ അറിയാൻ 1/9-10 1½
32. നമസ്കാരങ്ങൾ 3
33. നമസ്കാരങ്ങൾ 2

**34. രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** 5

പൊതുചോദ്യം

**35. ഇന്റേണൽ അസെസ്സ്മെന്റ് (വചനദീപം പേജ് 50 കാണുക)** 5

ഓരോ വിദ്യാർത്ഥിയുടേയും കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാറ്റം, അച്ചടക്കം, സ്വഭാവവിശേഷതകൾ, സേവനമനോഭാവം, സാമൂഹ്യപ്രതിബദ്ധത, മതബോധനത്തിനോടുള്ള താല്പര്യം, മാനസിക പക്വത, ഇവയെല്ലാം വിലയിരുത്തിയശേഷം വികാരിയച്ചന്റെ അംഗീകാരത്തോടുകൂടി അധ്യാപകൻ മാർക്ക് നൽകേണ്ടതാണ്. മാർക്കിടേണ്ട മാനദണ്ഡം Excellent-5, Very good 4-5, Good 3-4, Average 2-3, Below Average 1-2